# പ്രളയം വരുന്നു

## ഡോ. കെ. ഭാസ്കരൻനായർ

ഏറ്റവും ഒടുവിൽ നടന്ന കാനേഷുമാരി വെളിപ്പെടുത്തിയിരിക്കുന്ന വസ്തുതകൾ അങ്ങേയററം ഉൽകണ്ഠാജനകമാണ്. അതനുസരിച്ച് 1981 ഏപ്രിൽ ആദ്യം ഇന്ത്യയിൽ 68കോടി (6800 ലക്ഷം) ജനങ്ങളുണ്ടെന്നാണ് കാണുന്നതു. ഇത് മുപ്പത്തിനാലു വർഷം മുമ്പ്, നമുക്കു സ്വാതന്ത്ര്യം കിട്ടിയ കാലത്ത്, ഈ രാജ്യത്തുണ്ടായിരുന്ന ജനസംഖ്യയുടെ നേരെ ഇരട്ടിയാണ്. ഈ മഹാസമൂഹം മുഴുവനും 32 ലക്ഷം ചതുരശ്ര കിലോമീററർ വിസ്താരമുള്ള ഭാരതഭൂമിയെ മാത്രം ആശ്രയിച്ചു ജീവിക്കേണ്ടിയിരിക്കുന്നു. ഈ സന്ദർഭത്തിൽ ഈ ഭൂവിഭാഗത്തിലെ ജനസംഖ്യയുടെ ആധുനികചരിത്രം പരിശോധിക്കുന്നത് രസകരമായിരിക്കും. കണക്കുതാഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1901-ൽ | 23 | കോടി |
| 1911-ൽ | 25 | ,, |
| 1921-ൽ | 25 | ,, |
| 1931-ൽ | 27 | ,, |
| 1941-ൽ | 31 | ,, |
| 1951-ൽ | 36 | ,, |
| 1961-ൽ | 44 | ,, |
| 1971-ൽ | 54 | ,, |
| 1981-ൽ | 68 | ,, |

1901-ൽ ഒരു ചതുരശ്ര കിലോമീററിന് ശരാശരി 77 ജനങ്ങൾ മാത്രമായിരുന്ന ജനസാന്ദ്രത 1981-ൽ 208 ആയിരിക്കുന്നു. നിരന്തരം വർദ്ധിച്ചു കൊണ്ടിരിക്കുന്ന മനുഷ്യരുടെ ഈ ഞെരുക്കം ഭൂമിയുടെ മേൽ മാത്രമാണെന്ന് ധരിക്കരുതു്. ജീവിതത്തിന്റെ എല്ലാഭാവങ്ങളും അടിക്കടി കൂടുതൽ കൂടുതൽ ഞെരുങ്ങുകയാണ്. ഇതു കൊണ്ടുണ്ടാകുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളുമാണ് നാം അനുഭവിച്ചു കൊണ്ടിരിക്കുന്നതു്.

ഈ നൂററാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യയിൽ ഉണ്ടായിരുന്ന മനുഷ്യരുടെ എണ്ണം ഇരട്ടിക്കുവാൻ അറുപതു വർഷം വേണ്ടിവന്നു, പക്ഷേ 1947-ലെ ജനസംഖ്യ മുപ്പത്തിനാലു വർഷം കൊണ്ട് ഇരട്ടിച്ചു.!

ഇങ്ങനെ മുൻപോട്ടു പോകുംതോറും ഇരട്ടിപ്പിനുള്ള കാലദൈർഘ്യം കുറഞ്ഞു കുറഞ്ഞു വരുന്ന ആപത്തിനെയാണ് ഈ രാജ്യം അഭിമുഖീകരിക്കുന്നത്. അതിശീഘ്രം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ മനുഷ്യ സന്തതികൾക്ക് അത്യാവശ്യം വേണ്ട ജീവിത സൗകര്യങ്ങൾപോലും നല്കുവാൻ നമുക്കു സാധിക്കുന്നില്ല.

നമ്മുടെ ഈ കൊച്ചുകേരളത്തിന്റെ കാര്യം ഇതിലും ഭയങ്കരമാണ്. ''ഒന്നേകാൽകോടി മലയാളികളുടെ ഭാവിഭാഗധേയം സുരക്ഷിതമാക്കുന്നതിനുവേണ്ടി'' 1956-ൽ വേർതിരിച്ചെടുത്ത ഈ ചെറിയ സംസ്ഥാനത്ത് ഇന്ന് രണ്ടരകോടി മലയാളികൾ ജീവിക്കേണ്ടിവന്നിരിക്കുന്നു. ഇരുപത്തിയഞ്ചുവർഷം തികയുന്നതിനു മുമ്പുതന്നെ ഇവിടുത്തെ ജനസംഖ്യ ഇരട്ടിച്ചിരിക്കുകയാണ്. ഇതിന്റെ ദൂഷ്യഫലങ്ങൾ ഓരോ ദിവസവും നാം കാണുന്നുണ്ട്; അനുഭവിക്കുന്നുണ്ട്. പക്ഷെ ആക്കം അതോളം വലിയ പരിഭ്രാന്തിയൊന്നും ഉണ്ടാകുന്നതായി കാണുന്നില്ല. മററു പലതുമെന്നപോലെ ഇക്കാര്യവും നാം സർക്കാരിന് വിട്ടുകൊടുത്തിരിക്കുകയാണ്. ആഹാരമില്ല, വസ്ത്രമില്ല, പാർപ്പിടമില്ല, തൊഴിലില്ല, സ്കൂളില്ല, കോളേജില്ല സഞ്ചാരസൗകര്യമില്ല എന്നു തുടങ്ങിയ പരാതികളല്ലേ എവിടെയും കേൾക്കാനുള്ളൂ. ഇതിനെല്ലാം പരിഹാരം കാണേണ്ടത് ഗവൺമെണ്ടിന്റെ ചുമതലയാ

6—ൽ

മാനസോല്ലാസത്തിനു്
കേരള ദിനേശ് ബീഡി
കണ്ണൂർ.
KERALA DINESH BEEDI
Cannanore
Phone: 3699
TEL: DINESBEEDI

Digitized by Kerala Sahitya Akademi

(5-ലെ ബാക്കി)

ണ്! ഈ പ്രയാസങ്ങളുടെയെല്ലാം മൂലകാരണമായ ജനപ്പെരുപ്പത്തെതടയേണ്ടതും ഗവമ്മേണ്ടണെന്നാണ് സങ്കല്പം ആ ജോലിയും ഏറെറടുത്തിരിക്കുന്ന സക്കാരിനോട് സഹകരിക്കുവാൻപോലും ആക്കും ഉത്സാഹമില്ല. അതൊരു ഔദ്യോഗിക പരിപാടിയായി മാത്രം തുടന്നു കൊണ്ടിരിക്കുന്നു.

കണ്ണൂര്പോലെയുള്ള ചെറു നഗരങ്ങളിൽപോലും വഴിനടക്കുവാൻ തന്നെ പ്രയാസമായിരിക്കുന്നു. പെട്രോളിന് പാലിനെ അപേക്ഷിച്ച് ഇരട്ടിയിൽ കൂടുതൽ വിലയായിട്ടുണ്ടെങ്കിലും വാഹനഗതാഗതം നമ്മുടെ ഇടുങ്ങിയ റോഡുകൾക്ക് താങ്ങുവാൻ കഴിയാത്തവണ്ണം വദ്ധിച്ചിരിക്കുന്നു. „ആനയെ വാങ്ങാമെന്നുണ്ട്. പക്ഷേ കെട്ടിനിർത്താൻ സ്ഥലമില്ല.” എന്ന് പണ്ടാരോ ഫലിതം പറഞ്ഞതുപോലെ, കാറിൽ സഞ്ചരിക്കുന്നവർ അത് നിർത്തി വെയ്ക്കുവാൻ സ്ഥലം കിട്ടാതെ വിഷമിച്ചു തുടങ്ങിയിരിക്കുന്നു. റോഡിൻെറ ഓരങ്ങളിലെല്ലാം ഓട്ടോറിക്ഷകൾ നിരത്തിനിർത്തിയിരിക്കുകയാണ്. ആവശ്യക്കാർ വദ്ധിച്ചിരിക്കുന്നത് കൊണ്ട് അവരെയും കററം പറയാൻ നിവൃത്തിയില്ല. ബാക്കിയുള്ള സ്ഥലമെല്ലാം വിൽപന ചരക്കുകൾ പ്രദശിപ്പിക്കുന്നതിന് വേണ്ടി ഇരുവശത്തുമുള്ള വ്യാപാരശാലക്കാരും കണക്കില്ലാതെ പെരുകിവരുന്ന വഴിവാണിഭക്കാരും കൈയടക്കിയിരിക്കുന്നു. മുറുമുറുത്തതു കൊണ്ടും പരാതിപ്പെട്ടതുകൊണ്ടും ഒരു പ്രയോജനവുമില്ല. കേരളം വളരുകയാണ്. അന്യദേശങ്ങളിലേക്കു മാത്രമല്ല; അതിർത്തികൾക്കുള്ളിലും.

ഇപ്പോൾ മദ്ധ്യവയസ്സിൽ എത്തിയിരിക്കുന്നവരുടെ ആയുഷ്കാലത്തിനുള്ളിൽ തന്നെ ഈ മഹാരാജ്യം അതിഭയങ്കരമായ ആപൽഗത്തത്തിൽ വിണുപോകുമെന്ന് ഭയം തോന്നുന്നു. ജനപ്പെരുപ്പം, സംഭവിച്ചുപോയാൽ പിന്നെ നീക്കുവാൻ കഴിയാത്ത ആപത്താണ്. അത് ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും ഭരിക്കാൻ കാത്തിരിക്കുന്നവരും, ഇപ്പോഴുള്ളവരും ഇനിജനിക്കാൻ പോകുന്നവരും എല്ലാം സഹിക്കുക തന്നെ വേണം. ലോകാവസാനത്തിൽ പ്രളയം ഉണ്ടാകുമെന്നും അതിൽ സർവ്വവും നശിക്കുമെന്നും പുരാണങ്ങൾ പറയുന്നു. ശാസ്ത്രീയമായി ചിന്തിച്ചാൽ അതിനുള്ള സാധ്യതകളൊന്നും കാണുവാൻ കഴിയുകയില്ല. എന്നാലും, പ്രളയം വരുമെന്ന് ഏറക്കുറെ തീർച്ചപറയാം. അത് ജലപ്രളയമല്ല; ജനപ്രളയം, മനുഷ്യരാശിയുടെ ഉരുൾപൊട്ടൽ, ആയിരിക്കുമെന്ന് വ്യത്യാസമേയുള്ളൂ.

*Best Wishes From*

**J. J. S. HOSPITAL**

**CANNANORE**

*Best Compliments From*

**POTHERI HOSPITAL**

CANNANORE-1

Digitized by Kerala Sahitya Akademi